# പതിനഞ്ചാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2022 ജൂലൈ 19, ചൊവ്വാഴ്ച

**നമ്പർ 74**

രാവിലെ 9.00-ന് ഡെപ്യൂട്ടി സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്നെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

ചട്ടം 64 അനുസരിച്ചുള്ള പ്രസ്താവന :

മന്ത്രിസ്ഥാനം രാജിവച്ച ശ്രീ. സജി ചെറിയാൻ രാജിയെപ്പറ്റിയുള്ള വിശദീകരണം നൽകിക്കൊണ്ട് ഒരു പ്രസ്താവന നടത്തി.

അടിയന്തരപ്രമേയം :

റോഡുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തിയാക്കാത്തതുമൂലം സംസ്ഥാനത്തെ റോഡുകൾ ഗതാഗതയോഗ്യമല്ലാതായതും അത് ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതുംമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിലും മറ്റ് അഞ്ച് അംഗങ്ങളും ഒരു അടിയന്തരപ്രമേയത്തിന്റെ അവതരണാനുമതിയ്ക്ക് നോട്ടീസ് നല്കിയിരുന്നു. പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തരപ്രമേയത്തിന് ഡെപ്യൂട്ടി സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

(ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.)

ശ്രദ്ധ ക്ഷണിക്കൽ :

(1) സംസ്ഥാനത്തെ കശുവണ്ടി വ്യവസായ മേഖലയിലെ തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. പി. എസ്. സുപാൽ നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

KNPP. 995/2022 (i).

(2) സാമൂഹ്യമായും വിദ്യാഭ്യാസപരവുമായും പിന്നാക്കം നിൽക്കുന്നവരുടെ ജാതി സെൻസസ് പത്ത് വർഷത്തിലൊരിക്കൽ നടത്തണമെന്ന നിയമവ്യവസ്ഥ നടപ്പിലാക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. യു. എ. ലത്തീഫ് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

<u>ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ:</u>

ചട്ടം 304 പ്രകാരം താഴെ പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. വി. ഡി. സതീശൻ | വിമാനത്തിൽ വച്ച് കയ്യേറ്റം ചെയ്തത് സംബന്ധിച്ച പരാതി | മുഖ്യമന്ത്രി |
| 2 | ശ്രീ. ജോബ് മൈക്കിൾ | ആതുരശുശ്രൂഷാലയങ്ങൾ പ്രവർത്തിക്കുന്ന കൊമേഴ്സ്യൽ കെട്ടിടങ്ങളുടെ ലൈസൻസ് പുതുക്കുന്നതിനുള്ള ഫീസിലിളവ് | തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രിക്കുവേണ്ടി സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി |
| 3 | ശ്രീ. ഷാഫി പറമ്പിൽ | പാലക്കാട് നഗരസഭയിലെയും വിവിധ പഞ്ചായത്തുകളിലെയും പട്ടയ പ്രശ്നം | റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 4 | ശ്രീ. ഇ. കെ. വിജയൻ | കുറ്റ്യാടി ഇറിഗേഷൻ പദ്ധതി | ജലവിഭവ വകുപ്പുമന്ത്രി |
| 5 | ശ്രീമതി യു. പ്രതിഭ | കായംകുളത്ത് കേരള വാട്ടർ അതോറിറ്റിയുടെ ഡിവിഷൻ ഓഫീസ് | ജലവിഭവ വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 6 | ശ്രീ. കെ. യു. ജനീഷ് കുമാർ | നിലയ്ക്കൽ കുടിവെള്ള പദ്ധതി | ജലവിഭവ വകുപ്പുമന്ത്രി |
| 7 | ശ്രീ. ടി. ഐ. മധുസൂദനൻ | പെരിങ്ങോം ഗവ. ആർട്സ് & സയൻസ് കോളേജ് കെട്ടിട നിർമ്മാണം | ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി |
| 8 | ശ്രീ. കെ. ബാബു (*നെന്മാറ*) | നെന്മാറ-നെല്ലിയാമ്പതി റോഡ് നിർമ്മാണം | പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി |
| 9 | ശ്രീ. ഐ. സി. ബാലകൃഷ്ണൻ | ബിനാച്ചി-പനമരം റോഡ് | പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി |
| 10 | ശ്രീ. പി. ഉബൈദുള്ള | മലപ്പുറത്തെ വിവിധ റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതിന് നടപടി | പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി |

അതത് വിഷയം സംബന്ധിച്ച് ബന്ധപ്പെട്ട മന്ത്രിമാർ പ്രസ്താവന നടത്തി.

റിപ്പോർട്ടുകളുടെ സമർപ്പണം :

(i) സബ്ജക്ട് കമ്മിറ്റി I-ന്റെ 2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും സഭയിൽ സമർപ്പിച്ചു.

(ii) സബ്ജക്ട് കമ്മിറ്റി IV-ന്റെ 2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും സഭയിൽ സമർപ്പിച്ചു.

(iii) സബ്ജക്ട് കമ്മിറ്റി V-ന്റെ 2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും സഭയിൽ സമർപ്പിച്ചു.

(iv) സബ്ജക്ട് കമ്മിറ്റി XIV-ന്റെ 2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും സഭയിൽ സമർപ്പിച്ചു.

റിപ്പോർട്ട് പരിഗണന :

പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട് പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ധനകാര്യം :

2022-23 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV- ാം നമ്പർ ധനാഭ്യർത്ഥനയുടെ നേരെ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 7- ാം കോളത്തിൽ സൂചിപ്പിച്ചിട്ടുള്ള തുക അനുവദിക്കണമെന്ന പ്രമേയം പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. കെ. രാധാകൃഷ്ണൻ അവതരിപ്പിച്ചു.

പ്രസ്തുത ധനാഭ്യർത്ഥനയെ സംബന്ധിച്ച് ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവന ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ മേശപ്പുറത്തുവച്ചു.

XXV- ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 1, 2, 3, 4, 7, 8, 9, 11, 13, 17, 18, 19, 20, 21, 23, 26, 27, 30, 31, 33 എന്നീ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

താഴെപറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു:

ശ്രീ. പി. ടി. എ. റഹീം

ശ്രീ. പി. സി. വിഷ്ണുനാഥ്

ശ്രീ. ഇ. കെ. വിജയൻ

ശ്രീ. എ. കെ. എം. അഷ്റഫ്

ശ്രീ. എം. എസ്. അരുൺ കുമാർ

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ

ശ്രീമതി കെ. കെ. രമ

ശ്രീ. ജി. സ്റ്റീഫൻ

ശ്രീ. പി. പി. സുമോദ്

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. ഒ. ആർ. കേളു

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. കെ. പി. എ. മജീദ്

ശ്രീ. വി. ആർ. സുനിൽ കുമാർ

ശ്രീ. കെ. എം. സച്ചിൻദേവ്

ശ്രീ. എ. പി. അനിൽ കുമാർ.

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. കെ. രാധാകൃഷ്ണൻ മറുപടി നൽകി. അവതരിപ്പിച്ചിരുന്ന ഖണ്ഡനോപക്ഷേപങ്ങൾ സഭ തള്ളി. തുടർന്ന് ധനാഭ്യർത്ഥന XXV വോട്ടിനിട്ട് പാസ്സാക്കി.

തുടർന്ന്, ധനാഭ്യർത്ഥനകളിന്മേൽ വോട്ടെടുപ്പ് നടത്താനുള്ള അവസാന ദിവസമാകയാൽ അതുവരെ വോട്ടിനിടാതിരുന്ന താഴെപ്പറയുന്ന ധനാഭ്യർത്ഥനകളുടെ നേരെ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 7- ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ സഭയുടെ വോട്ടിന് സമർപ്പിച്ചു.

| | | |
|---|---|---|
| I | — | സംസ്ഥാന നിയമസഭ |
| IV | — | തെരഞ്ഞെടുപ്പുകൾ |
| VII | — | മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും |
| X | — | ട്രഷറികളും അക്കൗണ്ടുകളും |
| XVI | — | പെൻഷനും പലവകയും |
| XLIII | — | നഷ്ടപരിഹാരവും അവകാശ കൈമാറ്റങ്ങളും |
| XLV | — | പലവക വായ്പകളും മുൻകൂറുകളും |

ധനാഭ്യർത്ഥന നമ്പർ I, IV, VII, X, XVI, XLIII, XLV എന്നിവയെ സംബന്ധിച്ച് ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവനകൾ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ മേശപ്പുറത്തുവച്ചു. ധനാഭ്യർത്ഥന നമ്പർ I, IV, VII, X, XVI, XLIII, XLV എന്നിവ സഭ പാസ്സാക്കി.

<u>നിയമനിർമ്മാണകാര്യം</u> :

<u>സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും</u>

**(1) 2022-ലെ കേരള ധനകാര്യ ബിൽ, 2022 - ലെ കേരള ധനകാര്യ (2 - ാം നമ്പർ) ബിൽ**

ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള ധനകാര്യ ബില്ലും 2022-ലെ കേരള ധനകാര്യ (2 - ാം നമ്പർ) ബില്ലും പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിൽ വിയോജിപ്പ് രേഖപ്പെടുത്തിയ ശ്രീ. കെ. ബാബു (*തൃപ്പൂണിത്തുറ*), ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, ശ്രീ. എൻ. ഷംസുദ്ദീൻ, ശ്രീമതി ഉമ തോമസ്, ശ്രീ. എൻ. എ. നെല്ലിക്കുന്ന്, ശ്രീ. സനീഷ്കുമാർ ജോസഫ് എന്നീ അംഗങ്ങൾ സംസാരിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള ധനകാര്യ ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. എ. സി. മൊയ്തീൻ ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ. എം. വിജിനും, ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന മറ്റൊരു ഭേദഗതി പ്രൊഫ. ആബിദ് ഹുസൈൻ തങ്ങളും അവതരിപ്പിച്ച് സംസാരിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള ധനകാര്യ (2 - ാം നമ്പർ) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഡോ. സുജിത് വിജയൻപിള്ളയും ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. റോജി എം. ജോൺ ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും അവതരിപ്പിച്ച് സംസാരിച്ചു.

ധനകാര്യ വകുപ്പുമന്ത്രിയുടെ മറുപടിക്കുശേഷം അവതരിപ്പിച്ചിരുന്ന ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു. തുടർന്ന് ബില്ലുകൾ വകുപ്പ് തിരിച്ചുള്ള പരിഗണനയ്ക്ക് എടുക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ സഭ പാസ്സാക്കുകയും ചെയ്തു.

ഏഴാം വകുപ്പ്

(i) In section 16(4) proposed to be substituted in the Kerala State Goods and Services Tax Acts, 2017 by clause 7(1)(b) for the words "thirtieth day" the words and figure "30th day" shall be substituted.

(ii) In Section 34 (2) proposed to be substituted in the Kerala State Goods and Services Tax Act, 2017 by Clause 7(3), for the words "the thirtieth day of November" the words and figures "the 30th day of November" shall be substituted.

(iii) In Section 37(3) proposed to be amended in the Kerala State Goods and Services Tax Act, 2017 by Clause 7(4)(c)(ii), for the words "the thirtieth day of November" the words and figures "the 30th day of November" shall be substituted.

(iv) In section 39(9) proposed to be amended in the Kerala State Goods and Services Tax Act, 2017 by Clause 7(6)(c)(ii) for the words "the thirtieth day of November" the words and figure "the 30th day of November" shall be substituted.

(v) In the proviso to section 52(6) proposed to be substituted in the Kerala State Goods and Services Tax Act, 2017 by Clause 7(13), for the words "thirtieth day of November" the words and figure "30th day of November" shall be substituted.

vi. ഖണ്ഡം 7-ൽ In item (b) of sub-clause (2), before the words "continuous period of six months", the word "a" shall be inserted.

ഒൻപതാം വകുപ്പ്

(i) ഖണ്ഡം 9-ന് ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കുക.

"10. Validation.—Notwithstanding anything contained in the Kerala Motor Vehicles Taxation Act, 1976 (Act 19 of 1976) any reduction of tax granted by virtue of the provisions of the Kerala Finance Bill, 2022 (Bill No.99 of the Fifteenth Kerala Legislative Assembly) in respect of the period with effect from 1st April, 2022 to the date of publication of this Act, shall be deemed to have been validly done and any tax collected or paid at higher rates shall be deemed to have been validly collected or paid and the tax so collected shall not refunded."

## 2. 2022-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ

സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരിക വകുപ്പുമന്ത്രി ശ്രീ. വി. എൻ. വാസവൻ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022 - ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിച്ച് സംസാരിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിൽ വിയോജിപ്പ് രേഖപ്പെടുത്തിയ ശ്രീ. പി. അബ്ദുൽ ഹമീദ്, ഡോ. മാത്യു കുഴൽനാടൻ, ശ്രീ. സജീവ് ജോസഫ് എന്നീ അംഗങ്ങൾ സംസാരിച്ചു.

2022-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. സജീവ് ജോസഫ് ചുമതലപ്പെടുത്തിയതനുസരിച്ച് ഡോ. മാത്യു കുഴൽനാടൻ അവതരിപ്പിച്ച് സംസാരിച്ചു. പ്രസ്തുത ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. കടകംപള്ളി സുരേന്ദ്രനും അവതരിപ്പിച്ച് സംസാരിച്ചു.

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരിക വകുപ്പുമന്ത്രി ശ്രീ. വി. എൻ. വാസവൻ മറുപടി നൽകി.

(സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരിക വകുപ്പുമന്ത്രിയുടെ മറുപടിയിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.)

മന്ത്രിയുടെ മറുപടിക്കുശേഷം അവതരിപ്പിച്ച ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു. തുടർന്ന് ബിൽ വകുപ്പുതിരിച്ചുള്ള പരിഗണനയ്ക്ക് എടുക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ സഭ പാസ്സാക്കുകയും ചെയ്തു.

<u>രണ്ടാം വകുപ്പ്</u>

(i) In Clause 2, after the brackets, number and symbol "(8),", the word "the" shall be inserted.

(ii) In the proviso proposed to be added to Sec. 28 (8) of the Kerala Co-operative Societies Act, 1969 by clause 2, after the words "an Administrator or", the word "an" shall be inserted.

(iii) In the proviso proposed to be added to Sec. 28 (8) of the Kerala Co-operative Societies Act, 1969 by clause 2, for the word "the" coming after the words "Administrative Committee of" the word "a" shall be substituted.

2022 ജൂലൈ 20- ാം തീയതി ബുധനാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി വൈകുന്നേരം 7.44 - ന് സഭ പിരിഞ്ഞു.

കവിത ഉണ്ണിത്താൻ,

*സെക്രട്ടറി-ഇൻ-ചാർജ്ജ്.*

**FIFTEENTH KERALA LEGISLATIVE ASSEMBLY**

Fifth Session

# BULLETIN—PART I

(Brief Record of Proceedings)

*Tuesday, July 19, 2022*

**No. 74**

The Assembly met at 9.00 a.m. with Mr.  Deputy Speaker in the Chair.

*Questions :*

Three Questions in the list of Questions posted for the day were answered orally.

*Statement as per Rule 64 :*

Shri Saji Cherian, who had resigned the office of Minister made a statement in explanation of his resignation.

*Adjournment Motion* :

After hearing the Minister for Public works, Tourism and Youth Affairs, the Deputy Speaker withheld consent to the moving of an adjournment motion given notice of by Shri. Eldose P. Kunnappillil and five other Members regarding the serious situation reported to have arisen consequent to the roads becoming unmotorable and the resultant suffering of the people due to the non-timely completion of the maintenance of the roads in the state.

(As a mark of protest against the attitude of the Government in the matter, the Members belonging to the opposition staged a walkout.)

*Calling Attention :*

(1) Shri  P. S. Supal called the attention of the Minister for Law, Industries and Coir to the necessity to take steps to resolve the crisis faced by the workers of the cashew industry in the State. The Minister made a statement thereto.

KNPP. 995/2022 (ii).

(2) Shri U. A. Lathif called the attention of the Minister for Welfare of Scheduled Castes, Scheduled Tribes, Backward Classes, Devaswoms and Parliamentary Affairs to the necessity to implement a legal system to conduct cast based census of the socially and educationally backward classes once in ten years. The Minister made a statement thereto.

*The Matters under Rule 304:*

The matters raised in the House by the Members under Rule 304 are listed below:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. വി. ഡി. സതീശൻ | വിമാനത്തിൽ വച്ച് കയ്യേറ്റം ചെയ്തത് സംബന്ധിച്ച പരാതി | മുഖ്യമന്ത്രി |
| 2 | ശ്രീ. ജോബ് മൈക്കിൾ | ആതുരശുശ്രൂഷാലയങ്ങൾ പ്രവർത്തിക്കുന്ന കൊമേഴ്സ്യൽ കെട്ടിടങ്ങളുടെ ലൈസൻസ് പുതുക്കുന്നതിനുള്ള ഫീസിലിളവ് | തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രിക്കുവേണ്ടി സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി |
| 3 | ശ്രീ. ഷാഫി പറമ്പിൽ | പാലക്കാട് നഗരസഭയിലെയും വിവിധ പഞ്ചായത്തുകളിലെയും പട്ടയ പ്രശ്നം | റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 4 | ശ്രീ. ഇ. കെ. വിജയൻ | കുറ്റ്യാടി ഇറിഗേഷൻ പദ്ധതി | ജലവിഭവ വകുപ്പുമന്ത്രി |
| 5 | ശ്രീമതി യു. പ്രതിഭ | കായംകുളത്ത് കേരള വാട്ടർ അതോറിറ്റിയുടെ ഡിവിഷൻ ഓഫീസ് | ജലവിഭവ വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 6 | ശ്രീ. കെ. യു. ജനീഷ് കുമാർ | നിലയ്ക്കൽ കുടിവെള്ള പദ്ധതി | ജലവിഭവ വകുപ്പുമന്ത്രി |
| 7 | ശ്രീ. ടി. ഐ. മധുസൂദനൻ | പെരിങ്ങോം ഗവ. ആർട്സ് & സയൻസ് കോളേജ് കെട്ടിട നിർമ്മാണം | ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി |
| 8 | ശ്രീ. കെ. ബാബു (*നെന്മാറ*) | നെന്മാറ-നെല്ലിയാമ്പതി റോഡ് നിർമ്മാണം | പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി |
| 9 | ശ്രീ. ഐ. സി. ബാലകൃഷ്ണൻ | ബിനാച്ചി-പനമരം റോഡ് | പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി |
| 10 | ശ്രീ. പി. ഉബൈദുള്ള | മലപ്പുറത്തെ വിവിധ റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതിന് നടപടി | പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി |

The Ministers concerned made statements on the respective subjects.

*Presentation of Reports :*

(i) The Periodical Report from 1st April 2021 to 31st March 2022 and the Report on the action taken on the First report regarding the scrutiny of demands for grants for the year 2021-2022 of the Subject Committee - I were presented.

(ii) The Periodical Report from 1st April 2021 to 31st March 2022 and the Report on the action taken on the First report regarding the scrutiny of demands for grants for the year 2021-2022 of the Subject Committee - IV were presented.

(iii) The Periodical Report from 1st April 2021 to 31st March 2022 and the Report on the action taken on the First report regarding the scrutiny of demands for grants for the year 2021-2022 of the Subject Committee - V were presented.

(iv) The Periodical Report from 1st April 2021 to 31st March 2022 and the Report on the action taken on the First report regarding the scrutiny of demands for grants for the year 2021-2022 of the Subject Committee - XIV were presented.

*Consideration of Report :*

The First Report of the Committee of Privileges and Ethics was considered and adopted by the House.

*Financial Business :*

*Discussion and Voting on Demands for Grants in the Budget for the financial year 2022-23*

Shri K. Radhakrishnan, Minister for Welfare of Scheduled Castes, Scheduled Tribes and Backward Classes, Devaswoms and Parliamentary Affairs moved Demand No. XXV-Welfare of Scheduled Castes/Scheduled Tribes/Other Backward Classes and Minorities for the amount shown respectively against it under column No. 7 in the list of Demands for Grants.

Shri K. N. Balagopal, Minister for Finance laid on the table statements under Rule 236 (3) relating to Demands No. XXV.

The cut motion Nos. 1, 2, 3, 4, 7, 8, 9, 11, 13, 17, 18, 19, 20, 21, 23, 26, 27, 30, 31, 33 in the list of cut motions for Demand No. XXV were moved.

The following members took part in the discussion:

Shri P. T. A. Rahim

Shri P. C. Vishnunadh

Shri E. K. Vijayan

Shri A. K. M. Ashraf

Shri M. S. Arun Kumar

Shri Sebastian Kulathunkal

Smt. K. K. Rema

Shri G. Steephen

Shri P. P. Sumod

Shri I. C. Balakrishnan

Shri O. R. Kelu

Shri Kovoor Kunjumon

Shri K. P. A. Majeed

Shri V. R. Sunil Kumar

Shri K. M. Sachindev

Shri A. P. Anil Kumar.

Shri K. Radhakrishnan, Minister for Welfare of Scheduled Castes, Scheduled Tribes and Backward Classes, Devaswoms and Parliamentary Affairs replied to the points raised during the discussion. The cut motions were declared lost. Then the Demand No. XXV was put to vote and passed.

Being the last day allotted for voting on Demands for Grants, all the remaining Demands given below were guillotined in the following order for the amounts shown respecively against them in column 7 in the list of Demands for Grants.

| | | |
|---|---|---|
| I | — | State Legislature |
| IV | — | Elections |
| VII | — | Stamps and Registrations |
| X | — | Treasury and Accounts |
| XVI | — | Pension and Miscellaneous |
| XLIII | — | Compensation and Assignments |
| XLV | — | Miscellaneous Loans and Advances. |

Shri K. N. Balagopal, Minister for Finance laid on the table statements under Rule 236 (3) relating to Demands Nos. I, IV, VII, X, XVI, XLIII and XLV. Then the Demand Nos. I, IV, VII, X, XVI, XLIII and XLV were passed.

*Legislative Business:*

*<u>Motion for consideration and further stages of the following Bills as reported by the Subject Committee</u>*

**1. The Kerala Finance Bill, 2022 and the Kerala Finance (No. 2) Bill, 2022**

Shri K. N. Balagopal, Minister for Finance moved the motion that the Kerala Finance Bill, 2022 and the Kerala Finance (No. 2) Bill, 2022 as reported by the Subject Committee be taken up for consideration.

Shri K. Babu (*Thripoonithura*), Shri Thiruvanchoor Radhakrishnan, Shri N. Samsudheen, Smt. Uma Thomas, Shri. N. A. Nellikunnu and Shri Saneesh Kumar Joseph who recorded their dissent to the Subject Committee Report spoke.

Shri M. Vijin, as authorised by Shri A. C. Moideen moved an amendment to circulate the Kerala Finance Bill, 2022 as reported by the Subject Committee for obtaining public opinion and Prof. Abid Hussain Thangal moved another amendment to recommit the bill to the same Subject Committee and spoke.

Dr. Sujith Vijayanpillai moved an amendment to circulate the Kerala Finance (No. 2) Bill, 2022 as reported by the Subject Committee for obtaining public opinion and Shri Thiruvanchoor Radhakrishnan as authorised by Shri. Roji M. John moved another amendment to recommit the bill to the same Subject Committee and spoke.

After the reply by the Minister for Finance, the amendments moved were withdrawn by the leave of the House. The Bills were then taken up for clause by clause consideration and passed with the following amendments.

*Clause 7*

(i) In section 16(4) proposed to be substituted in the Kerala State Goods and Services Tax Acts, 2017 by clause 7(1)(b) for the words “thirtieth day” the words and figure “$30^{th}$ day” shall be substituted.

(ii) In Section 34(2) proposed to be substituted in the Kerala State Goods and Services Tax Act, 2017 by Clause 7(3), for the words “the thirtieth day of November” the words and figures “the $30^{th}$ day of November” shall be substituted.

(iii) In Section 37(3) proposed to be amended in the Kerala State Goods and Services Tax Act, 2017 by Clause 7(4)(c)(ii), for the words "the thirtieth day of November" the words and figures "the 30th day of November" shall be substituted.

(iv) In section 39(9) proposed to be amended in the Kerala State Goods and Services Tax Act, 2017 by Clause 7(6)(c)(ii) for the words "the thirtieth day of November" the words and figure "the 30th day of November" shall be substituted.

(v) In the proviso to section 52(6) proposed to be substituted in the Kerala State Goods and Services Tax Act, 2017 by Clause 7(13), for the words "thirtieth day of November" the words and figure "30th day of November" shall be substituted.

(vi) ഖണ്ഡം 7-ൽ In item (b) of sub-clause (2), before the words "continuous period of six months", the word "a" shall be inserted.

*Clause 9*

(i) ഖണ്ഡം 9-ന് ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കുക.

"10. Validation.—Notwithstanding anything contained in the Kerala Motor Vehicles Taxation Act, 1976 (Act 19 of 1976) any reduction of tax granted by virtue of the provisions of the Kerala Finance Bill, 2022 (Bill No.99 of the Fifteenth Kerala Legislative Assembly) in respect of the period with effect from 1st April, 2022 to the date of publication of this Act, shall be deemed to have been validly done and any tax collected or paid at higher rates shall be deemed to have been validly collected or paid and the tax so collected shall not refunded."

**2. The Kerala Co-operative Societies (Amendment) Bill, 2022**

Shri V. N. Vasavan, Minister for Co-operation, Registration and Culture moved the motion that The Kerala Co-operative Societies (Amendment) Bill, 2022 as reported by the Subject Committee be taken up for consideration.

Shri P. Abdul Hameed, Dr. Mathew Kuzhalnadan and Shri. Sajeev Joseph who recorded their dissent to the Subject Committee Report spoke.

Dr. Mathew Kuzhalnadan as authorised by Shri. Sajeev Joseph moved an amendment to circulate The Kerala Co-operative Societies (Amendment)

Bill, 2022 for obtaining public opinion and spoke. Shri Kadakampally Surendran moved another amendment to recommit the Bill to the same Subject Committee and spoke.

Shri V. N. Vasavan, Minister for Co-operation, Registration and Culture replied to the points raised during the discussion.

(In protest against the Minister for Co-operation, Registration and Culture's reply, the Members belonging to the opposition staged a walkout.)

After the reply of the Minister, the amendments moved were withdrawn with the leave of the House. Then the Bill as reported by the Subject Committee was taken up for consideration and was passed by the House with the following amendments.

*Clause - 2*

(i) In Clause 2, after the brackets, number and symbol “(8),”, the word “the” shall be inserted.

(ii) In the proviso proposed to be added to Sec. 28 (8) of the Kerala Co-operative Societies Act, 1969 by clause 2, after the words “an Administrator or”, the word “an” shall be inserted.

(iii) In the proviso proposed to be added to Sec. 28 (8) of the Kerala Co-operative Societies Act, 1969 by clause 2, for the word “the” coming after the words “Administrative Committee of” the word “a” shall be substituted.

The House adjourned at 7.44 p.m. to meet again at 9.00 a.m on Wednesday, July 20, 2022.

KAVITHA UNNITHAN,
*Secretary-in-Charge.*